# "എൽ .ഡി. എഫ്. വന്നു, എല്ലാം ശരിയാ ----യാ യാ.......യി "

ബാബു പാലത്തുംപാട്ട്



"എൽ .ഡി. എഫ്. വരും എല്ലാം ശരിയാകും" എന്ന വാഗ്ദാനം
വിശ്വസിച്ച്,
"നമ്മുടെ ഉമ്മൻ ചാണ്ടി സർക്കാർ -ന്റെ വികസനത്തിന് ഒരു വോട്ട്"
കൊടുക്കാതെ,
"വഴി കാട്ടാൻ ബി ജെ പി യ്ക്ക് കഴിയും എന്ന്
വിശ്വസിക്കാതെ,
"എല്ലാം ശരിയാക്കാൻ കേരളീയർ ഏകദേശം ഒരു വർഷം മുൻപ്
LDF (എൽ .ഡി. എഫ്) - നെ കൊണ്ടു വന്നു

"എൽ .ഡി. എഫ്. വന്നു, എല്ലാം ശരിയാകാൻ തുടങ്ങി??!!

തുടക്കത്തിൽത്തന്നെ പിണറായി വിജയൻ ശരിയായി,
പക്ഷേ, അച്യുതാനന്ദൻ ശരിയായില്ല.
കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഓടി നടന്ന് LDF ന്റെ വിജയം ഉറപ്പിച്ചെടുക്കുകയും വിജയിപ്പിച്ചെടുക്കുകയും ചെയ്ത അച്യുതാനന്ദന്റെ പ്രായക്കൂടുതൽ പാർട്ടിയ്ക്ക് പ്രശ്നമായപ്പോൾ ത്തന്നെ എല്ലാം ശരിയാകാൻ തുടങ്ങുകയാണോ എന്ന സംശയം പൊതു ജനത്തിന് ഉണ്ടായതാണ്.

"കോഴിക്ക് മുല വരുമ്പോലെ" ആയിരിക്കും "കമ്മ്യൂണിസ്റ്റ്കാരുടെ എല്ലാം ശരിയാക്കൽ" എന്ന് ഞങ്ങളുടെ നാട്ടുകാരൻ പാലാ വർക്കിച്ചേട്ടൻ അന്ന് പറഞ്ഞപ്പോൾ ചുറ്റും ഇരുന്നവർ വർക്കിച്ചേട്ടന്റെ "വർക്കി" നെ പാലായുടെ പേരു പറഞ്ഞു കളിയാക്കി.
"പാലം കടക്കുവോളം നാരായണ, പാലം കടന്നുകഴിഞ്ഞാൽ കൂരായണ" എന്ന കമ്മ്യൂണിസ്റ്റ് പൊതുരീതി പണ്ടു മുതലേ ഒറിജിനൽ നാരായണനും നാരായണന്റെ കൂരായണർക്കും പാലാ വർക്കിച്ചേട്ടനും അറിയാവുന്ന സംഗതിയാണ്.

എങ്കിലും എല്ലാം ശരിയാകും എന്നു തന്നെയാണ് പോതുജനത്തിൽ ഭൂരിപക്ഷവും കരുതിയത്.
"നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും" എന്ന യേശുവിന്റെ വാക്കുകൾ അന്ന് ക്രിസ്ത്യാനികളോടൊപ്പം മറ്റു മതക്കാരും വിശ്വസിച്ചു.
പറയാനുള്ളത് കൂസലില്ലാതെ പറയുകയും പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു മുഖ്യമന്ത്രിയെ കാത്തിരിക്കയായിരുന്നു കേരളീയർ.
അങ്ങനെയോരാളായിത്തീർന്ന് ശ്രീ പിണറായി വിജയൻ കേരളീയരുടെ ഇടതുചായ്‌വ് നിലനിർത്തുമെന്നും അവർ പ്രതീക്ഷിച്ചു.

അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കായി വെള്ളാപ്പിള്ളിമാരും കെ.ജാനുമാരും, കെ.എം.മാണിമാരും പി.ജെ. ജോസഫുമാരും കു. വൈറ്റ്. ചാണ്ടിമാരും അടുത്ത തെരഞ്ഞെടുപ്പാകുമ്പോഴേക്കും കേരളത്തെ സംഘപരിവാറിനും ആർ. എസ്സ്. എസ്സിനും അടിയറവു വെയ്ക്കും എന്നവർ ഭയന്നു.
സംഘപരിവാറും ആർ. എസ്സ്. എസ്സും ഇന്ത്യയെ രാമരാജ്യം ആക്കാൻ ഇറങ്ങുമെന്നും തീവ്ര / കപട സന്യാസി / സന്യാസിനികളും ഗോമാതാക്കളും പെരുകുമെന്നും അവർക്കറിയാമായിരുന്നു.
ഗോമാതാവിനെ തിന്നരുതെന്നും ഗോമാതാവ് തിന്നുന്നതു മാത്രം തിന്നണമെന്നും അവർ നിയമം ഉണ്ടാക്കാനിടയുണ്ടെന്നും അവർ ഭയന്നു.
അങ്ങനെയൊന്നും സംഭവിക്കരുതെന്ന് അവർ ആഗ്രഹിക്കുന്നു.

പക്ഷേ,
മുഖ്യമന്ത്രി ശ്രീ പിണറായിയുടെ കൂസലില്ലായ്മയും ഇച്ഛാശക്തിയും വെറും ധാർഷ്ട്യവും അഹങ്കാരവും പ്രതികാര ബുദ്ധിയും ദുർവ്വാശിയും ആയിത്തീരുമെന്ന്,
താൻ മാത്രമാണ് ജനങ്ങളുടെ "വഴിയും സത്യവും നീതിയും" എന്ന് മുഖ്യമന്ത്രി കരുതുമെന്ന്,
പേടിപ്പിക്കുന്ന മുഖ്യമന്ത്രിയും പേടിക്കുന്ന മന്ത്രിമാരും ആയിരിക്കും തങ്ങളെ ഭരിക്കാൻ പോകുന്നത് എന്ന്,
ഇരട്ട ചങ്ക്, വെറും പരട്ട ചങ്ക് ആണെന്ന് ആക്ഷേപിക്കാൻ ട്രോളർമാർക്ക് അവസരം കിട്ടുമെന്ന്,
അന്ന് അച്ചുതാനന്ദൻ വേലിക്കകത്ത് എന്ന് കളിയാക്കിയിരുന്നവർക്ക് ഇന്ന് ശ്രീ പിണറായി വിജയൻ സ്വന്തം ഉപദേശകന്മാർ സൃഷ്ടിക്കുന്ന വേലിക്കകത്ത് ആണെന്ന് ചിന്തിക്കേണ്ടിവരുമെന്ന്,
പോലീസിനെ ഉപയോഗിച്ച് പൊതുജനത്തെ പേടിപ്പിച്ചു നിർത്തുന്ന ഏകാധിപത്യ ശൈലി തങ്ങളുടെ മുഖ്യമന്തി സ്വീകരിക്കുമെന്ന്,
സരിതാ നായരെയും സോളാറിനെയും കുറ്റം പറഞ്ഞു വോട്ടു നേടിയവർ, ലക്ഷ്മി നായരെയും ലോ അക്കാദമിയേയും ന്യായീകരിക്കുമെന്ന്, ,

മകൻ നഷ്ടപ്പെട്ട മഹിജയേക്കാൾ കൂടുതൽ നീതി മകനെ കൊല്ലാൻ കൂട്ടുനിന്ന കൃഷ്ണദാസിനു കിട്ടാൻ സഹായിക്കുമെന്ന്,
അർദ്ധരാത്രിയിൽ സ്വന്തം ടെലഫോണിലൂടെ അശ്ലീല സംസാരം നടത്തിയ മന്ത്രിക്കും നട്ടുച്ചക്ക് മൈക്കിലൂടെ അശ്ലീല പ്രസംഗം നടത്തിയ മന്ത്രിക്കും രണ്ടുതരം നീതി ആയിരിക്കുമെന്ന്,
പോലീസ് അകമ്പടിയോടെ സ്റ്റേറ്റ് കാറിൽ നടന്ന് മന്ത്രിമാർ മലയാളത്തിൽ പുതിയ നാടൻ ഭാഷയും അർത്ഥങ്ങളും ഉണ്ടാക്കുമെന്ന്,.
ടി പി ചന്ദ്രശേഖറിന് ഏറ്റ അൻപത്തൊന്നു വെട്ടുകൾ ആരുടേതായിരുന്നെന്നു വീണ്ടും ചിന്തിക്കേണ്ടി വരുമെന്ന്,
മതം മനുഷ്യനെ മയക്കുന്ന കറുപ്പ് എന്ന കാറൽമാർക്സ് വാചകത്തേക്കാൾ മുഖ്യമന്ത്രിക്ക് പ്രധാനം "മതം ഭൂമി കയ്യേറ്റം ആണെന്ന ടോം സക്കറിയയുടെ ചിന്ത ആയിരിക്കുമെന്ന്,
തങ്ങൾപറയുന്നത് മാത്രമാണ് ശരി എന്ന് വാശി പിടിച്ചവരെ പുറത്താക്കിയത് എന്തിനാണെന്ന് ഭരിക്കാൻ കയറുന്നവർ മനസ്സിലാക്കില്ല എന്ന്
..............................എന്ന് ,
.........................എന്ന് .,
................................എന്ന്. ,
അവർ പ്രതീക്ഷിച്ചിരുന്നില്ല.

എന്നിട്ടും ......
ഇനിയുമുണ്ട് ബാക്കി നാല് വർഷം അതിനിടയിൽ നൽകിയ എല്ലാ വാഗ്ദാനങ്ങളും നടപ്പാക്കും എന്നും മറ്റും ശ്രീ കുഞ്ഞിക്കണ്ണൻ മാഷിനെപ്പോലെയും ആനത്തലവട്ടം ആനന്ദനെപ്പോലെയും ഉള്ള നല്ല കമ്മ്യൂ. നേതാക്കൾ പറയുന്നു .
അത് വിശ്വസിക്കാൻ കേരളീയർ ആഗ്രഹിക്കുന്നു.
"LDF (എൽ .ഡി. എഫ്.) വരും എല്ലാം നേരെയാകും" എന്ന് തങ്ങൾ കരുതിയത് തെറ്റിയില്ല എന്ന് തെളിയും എന്നും അവർ പ്രതീക്ഷിക്കുന്നു.
"നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും" എന്ന യേശുവിന്റെ വാക്കുകൾ വിശ്വസനീയമാണെന്നു തെളിയും എന്നവർ ഇന്നും വിശ്വസിക്കുന്നു

..................]]..................